3. വഴിയോര വിശ്രമകേന്ദ്രങ്ങൾ :- അതിരപ്പിള്ളി

4. ഗസ്റ്റ് ഹൗസുകൾ :- പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിൽ ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയായിവരുന്നു. പാലക്കാട്, എറണാകുളം (അഡീഷണൽ ഗസ്റ്റ്ഹൗസ്) എന്നീ ഗസ്റ്റ്ഹൗസുകളുടെ പണി താമസിയാതെ ആരംഭിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

136 (1496) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടകം ഗസ്റ്റ്ഹൗസിൽ നടന്ന അനിഷ്ട സംഭവങ്ങളിൽ ജീവനക്കാർക്കെതിരെ ആരെങ്കിലും പരാതി തന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പരാതി നൽകിയതെന്നും എന്താണ് പരാതി എന്നും വ്യക്തമാക്കുമോ;

(സി) ജീവനക്കാരെ ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്ത അക്രമികൾക്കെതിരെ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജീവനക്കാർക്ക് നീതി ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ആരെല്ലാം അന്വേഷണം നടത്തി എന്ന് വ്യക്തമാക്കുമോ;

(എഫ്) ആദ്യത്തെ അന്വേഷണത്തിനു പുറമെ വീണ്ടും അന്വേഷണം നടത്തിയോ; എങ്കിൽ അതിന് ഇടയായത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി),(ഇ)&(എഫ്) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ഗവൺമെന്റ് ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ടൂറിസം അഡീഷണൽ ഡയറക്ടർ ഗസ്റ്റ്ഹൗസ് സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടില്ല.

137 (1497) തെൻമല കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly